LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 8-9-2008-ലെ സ.ഉ.നം. (എംഎസ്.) 38/2008/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പിൽ അധികമായി കണ്ടെത്തിയ 324 ക്ലാർക്കുമാരുടെ തസ്തികകൾ തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് മാറ്റിയിട്ടുണ്ട്.

(ബി) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഒരു വിഭാഗം റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ജോലികൾ പൊതുമരാമത്ത് വകുപ്പിൽനിന്നും തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് മാറ്റപ്പെടുകയും തൽഫലമായി പൊതുമരാമത്ത് വകുപ്പിൽ അധികമായി കണ്ടെത്തിയ തസ്തികകൾ വെട്ടിക്കുറക്കുകയും അവ തദ്ദേശ സ്വയംഭരണ വകുപ്പിൽ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

എം. സി. റോഡിൽ സ്ഥാപിച്ചിട്ടുള്ള ബംപുകൾ

207 (1935) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര മുതൽ തിരുവനന്തപുരംവരെ എം.സി. റോഡിൽ എത്ര ബംപുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഒരോ സ്ഥലത്തും ബംപ് സ്ഥാപിച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) കാരേറ്റിനും കിളിമാനൂരിനും ഇടയിൽ പൊരുന്തമൺ ജംഗ്ഷന് സമീപം അനേകം അപകടങ്ങളും അതുമൂലമുള്ള മരണങ്ങളും നടക്കുന്നതു കൊണ്ട് പ്രസ്തുതസ്ഥലത്ത് ഒരു ബംപ് സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 17 ബംപുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് ഇവ നിർമ്മിച്ചത്.

(സി) പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ റോഡ് പുനരുദ്ധാരണം

208 (1936) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപരിതലം നന്നാക്കുന്നതിനും, പ്രളയക്കെടുതികൾമൂലം തകർന്ന റോഡുകൾ പുനരുദ്ധരിക്കാനും 2011 ജനുവരി ഒന്നിനുശേഷം കണ്ണൂർ ജില്ലയിൽ എത്ര റോഡുകൾക്കായി, എത്ര കോടി രൂപയ്ക്ക് പൊതുമരാമത്ത് വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് ;

(ബി) ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇരിക്കൂർ മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്കാണ് ഇപ്രകാരം അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 2011 ജനുവരി ഒന്നിനുശേഷം നോൺ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഉപരിതലം പുതുക്കുന്നതിന് 243 ലക്ഷം രൂപയുടെ 19 റോഡ് പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ 16-2-2011-ലെ സ. ഉ. (സാധാ) നമ്പർ 263/11/ പൊ.മ.വ. പ്രകാരം കണ്ണൂർ ജില്ലയിലെ 22 റോഡ് പ്രവൃത്തികളുടെ പുനരുദ്ധാരണത്തിന് ആകെ 491.20 ലക്ഷം രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. ബാക്കി റോഡുകളുടെ പരിശോധന പൂർത്തിയാക്കിയിട്ടില്ല.

കണ്ണൂർ ജില്ലിയിൽ പുനരുദ്ധാരണം നടത്തിയ പാലങ്ങൾ

209 (1937) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-11 വർഷങ്ങളിൽ പൊതുമരാമത്ത് വകുപ്പ് കണ്ണൂർ ജില്ലയിൽ ഏതൊക്കെ പാലങ്ങളുടെ പുനരുദ്ധാരണമാണ് നടത്തിയതെന്നും, ഇതിന് എത്ര തുക ചെലവഴിച്ചുവെന്നും പേര് സഹിതം വെളിപ്പെടുത്തുമോ ;

(ബി) കണ്ണൂർ ജില്ലയിലെ മൊയ്തുപാലത്തിന്റെയും മമ്പറം പാലത്തിന്റേയും ശോച്യാവസ്ഥ പരിഹരിക്കാനും, പുതിയ പാലം നിർമ്മിക്കാനും ഉള്ള നടപടികളുടെ പുരോഗതി വിശദീകരിക്കുമോ ;

(സി) കണ്ണൂർ ജില്ലയിലെ പെരിങ്ങളം മണ്ഡലത്തിലെ കല്ലിക്കണ്ടിപാലം, എലിത്തോട് പാലം, വടക്കേ പൊയിലൂർ പാലം, പൂവത്തൂർ പാലം എന്നിവയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത പാലങ്ങളുടെ പുനരുദ്ധാരണത്തിന് നൽകിയ അപേക്ഷമേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പുനരുദ്ധാരണം എപ്പോൾ നടത്തുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2006 ജനുവരിയിൽ മമ്പറം പാലത്തിൽ ദ്വാരം പ്രത്യക്ഷപ്പെട്ടതിനെ തുടർന്ന് 21,92,180 രൂപ ചെലവുചെയ്ത് അറ്റകുറ്റപ്പണിനടത്തി പാലം ഗതാഗതയോഗ്യമാക്കി. 2010 ഡിസംബറിൽ പഴയങ്ങാടി പാലം തകരാറിലായതിനെത്തുടർന്ന് 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly